(ബി) ഏതെങ്കിലും ഫെഡറേഷനുകളുടെ ലൈസൻസ് ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) കേര കർഷകർക്ക് ഗുണകരമാകുന്നതിനുവേണ്ടി കൃഷി വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13-5-2014-ലെ സ.ഉ.(എംഎസ്.) 66/2014/നി.വ. പ്രകാരം നാളികേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിതരണവും സാർവത്രികമാക്കുന്നതിലേക്ക് തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കാർഷിക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നിവയാണ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. നാളികേര-നീര ബോർഡിന്റെ ആക്ഷൻ പ്ലാൻ രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു.

നീര ഉൽപ്പാദനം

148 (1562) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നീരയുടെ ഉൽപ്പാദനവും വിപണനവും വിപുലപ്പെടുത്തുന്നതിനും നീരയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി-എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി സ.ഉ.(എംഎസ്.) 66/2014/നി.വ. പ്രകാരം നാളികേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

നാളികേര നീര ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചുകൊണ്ട് നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. തെങ്ങ് ചെത്തുന്നതിനുള്ള ലൈസൻസ് നൽകുന്നത് അതാത് പ്രദേശത്തെ എക്സൈസ് അധികാരിയും നീരയും അനുബന്ധ ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അനുമതി നാളികേര നീര ബോർഡുമാണ് നൽകേണ്ടത്. സ.ഉ.(സാധാ) നമ്പർ 2051/2014/കൃഷി തീയതി 18-11-2014 പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി കാർഷിക സർവ്വകലാശാലയിലെ മൂന്ന് ശാസ്ത്രജ്ഞന്മാർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അഗ്രി ചീഫ്, കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മാനേജിംഗ് ഡയറക്ടർ എന്നീ ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയിൽ തെങ്ങിന്റെ പൂങ്കുല നീര സംസ്കരിച്ച് നീര (കേരാമൃതം) നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്ന് പൈലറ്റ് പ്രോജക്ട് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുകയും ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം ക്യാമ്പസ്സിൽ ആരംഭിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേന നീര വിപണനം നടത്തിവരുന്നു. കാർഷിക സർവ്വകലാശാല പൈലറ്റ് യൂണിറ്റിൽ നീര (കേരാമൃതം), ചക്കര (കേര ചക്കര), കേര ജാം (കേര - പൈനാപ്പിൾ ജാം), കേര ഹണി, കേര ഷുഗർ എന്നീ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly